LIBRARY ARCHIVES Kerala Legislative Assembly

കണ്ടെത്തിയാൽ സ്പെഷ്യാലിറ്റി വിഭാഗത്തിന്റെ സഹായത്തോടെ വിദഗ്ധചികിത്സ ലഭ്യമാക്കുന്നുണ്ട്. മെഡിക്കൽ കോളേജുകളിലെ എല്ലാ വിഭാഗങ്ങളിലും പ്രത്യേകിച്ച് മെഡിസിൻ, കാർഡിയോളജി, റെസ്പിറേറ്ററി മെഡിസിൻ എന്നീ വിഭാഗങ്ങളിലെ എല്ലാ സൗകര്യങ്ങളും പോസ്റ്റ് കോവിഡ് ചികിത്സയ്ക്കായി ഉപയോഗപ്പെടുത്തി വരുന്നു.

(ബി) കോവിഡ് മൂന്നാംതരംഗം പ്രതീക്ഷിക്കുന്ന സാഹചര്യത്തിൽ ഇതിനായി കൂടുതൽ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

മൂന്നാം തരംഗത്തിന്റെ മുന്നോടിയായി നിലവിലെ പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ ശാക്തീകരിക്കുന്നതിനും കുട്ടികൾക്കുണ്ടാകുന്ന പോസ്റ്റ് കോവിഡ് സിൻഡ്രോം നിരീക്ഷിക്കുന്നതിനും പ്രത്യേക സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇതിനായുള്ള പ്രത്യേക പരിശീലനം വിദഗ്ധരുടെ നേതൃത്വത്തിൽ ജീവനക്കാർക്ക് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. കൂടാതെ രോഗികളെക്കുറിച്ചും രോഗലക്ഷണങ്ങളെക്കുറിച്ചും പ്രത്യേക വിവര ശേഖരണവും പഠനവും നടത്തുന്നതിന് അനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

കോവിഡ് വാക്സിൻ ലഭ്യതക്കുറവ്

232 (3259) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥനത്ത് കോവിഡ് വാക്സിന്റെ ലഭ്യതക്കുറവ് പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

നിലവിൽ കേന്ദ്രസർക്കാർ 18 വയസ്സിനു മുകളിലുള്ള എല്ലാ ഗുണഭോക്താക്കൾക്കും കോവിഡ് വാക്സിൻ സൗജന്യമായി നൽകുന്നു. മതിയായ അളവിൽ വാക്സിൻ ഡോസുകൾ ലഭിക്കുന്നതിന് സംസ്ഥാനം പതിവായി മന്ത്രാലയവുമായി ബന്ധപ്പെടുന്നുണ്ട്. ഇതിന്റെ ഫലമായി 2021 ജൂലൈ മാസത്തിൽ 15.5 ലക്ഷം ഡോസുകൾ അധികമായി ലഭിച്ചു. സംസ്ഥാനത്തിന് ആവശ്യമായ കൂടുതൽ ഡോസുകളെക്കുറിച്ച് മന്ത്രാലയത്തെ അറിയിക്കുകയും 90 ലക്ഷം ഡോസുകൾ/മാസം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ, സ്വകാര്യമേഖലയ്ക്കായി നീക്കിവച്ചിരിക്കുന്ന 25% ദേശീയ കവാട്ടയിൽനിന്ന് പരമാവധി അളവിൽ വാക്സിനുകൾ വാങ്ങുന്നതിനായി സംസ്ഥാനം സ്വകാര്യ ആശുപത്രികളെ പിന്തുണയ്ക്കുന്നു.

(ബി) എല്ലാവർക്കും ആദ്യ ഡോസ് വാക്സിൻ ലഭിക്കുന്നതിന് ഇനിയും എത്ര കാലതാമസം ഉണ്ടാകുമെന്ന് അറിയിക്കാമോ?

ആവശ്യമായ എല്ലാ ഗുണഭോക്താക്കൾക്കും അടുത്ത 3 മാസത്തിനുള്ളിൽ പ്രതിരോധ കുത്തിവയ്പ്പ് നടത്താൻ സംസ്ഥാനം വിശദമായ പ്രവർത്തന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ചുരുങ്ങിയ സമയത്തിനുള്ളിൽ മുഴുവൻ ജനങ്ങളെയും ഉൾക്കൊള്ളുക എന്ന ലക്ഷ്യത്തോടെ പ്രതിദിന പ്രതിരോധ കുത്തിവയ്പ്പുകൾ ഇരട്ടിയാക്കുകയും ഒരു ദിവസം 5.15 ലക്ഷം ഡോസുകൾ നൽകുകയും ചെയ്യുവരുന്നു. എന്നിരുന്നാലും വാക്സിന്റെ അഭാവം ലക്ഷ്യത്തിൽ എത്താൻ തടസ്സമാകുന്നു.

(സി) രണ്ടാം ഡോസ് നിശ്ചിത സമയപരിധിക്കുള്ളിൽ നൽകുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

രണ്ടാമത്തെ ഡോസ് ലഭിക്കേണ്ട എല്ലാ ഗുണഭോക്താക്കൾക്കും നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ വാക്സിൻ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിൽ സംസ്ഥാനം മുൻഗണന നൽകുന്നു. ഇപ്പോഴത്തെ രണ്ടാമത്തെ ഡോസ് കവറേജ് 17% ആണ് (മൊത്തം ജനസംഖ്യയുടെ) ദേശീയ കവറേജ് 7% മാത്രമാണ്; ഗുണഭോക്താക്കൾക്ക് രണ്ടാം ഡോസിന് മുൻഗണന നൽകാൻ ജില്ലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ഓൺലൈനിൽ പ്രസിദ്ധീകരിക്കുന്ന സെഷനുകളിൽ "രണ്ടാമത്തെ ഡോസ് സ്ലോട്ടുകൾ" പ്രസിദ്ധീകരിക്കുന്നു, അത് രണ്ടാമത്തെ ഡോസ് ലഭിക്കേണ്ട ഗുണഭോക്താക്കൾക്ക് മാത്രമേ ബുക്ക് ചെയ്യാൻ കഴിയൂ. ഇതിനുപുറമെ, ആശാ വർക്കർമാരുടെ പിൻതുണയോടെ ഡ്യൂ ലിസ്റ്റ് ഉപയോഗിച്ച് രണ്ടാം ഡോസിന് അർഹരായ ഗുണഭോക്താക്കളെ (ഡിജിറ്റൽ അക്സസ് ഇല്ലാത്തവരേയും) കണ്ടെത്തുന്നു.

കോവിഡ് വാക്സിൻ

233 (3260) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് വാക്സിൻ എത്ര ശതമാനം ആളുകൾക്ക് ലഭിച്ചിട്ടുണ്ട്; ഓരോ ജില്ലയിലും പ്രായപരിധി തിരിച്ച് വാക്സിൻ ലഭ്യമായവരുടെ വിശദമായ കണക്ക് ലഭ്യമാക്കുമോ?

31-7-2021 വരെ, സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ 40% (as per projected population 2021) പേർക്ക് ഒന്നാം ഡോസ് വാക്സിനും 17% പേർക്ക് രണ്ടാം ഡോസ് വാക്സിനും നൽകി. 31-7-2021 തീയതി വരെയുള്ള മൊത്തം വാക്സിനേഷൻ കവറേജും പ്രായത്തിനനുസരിച്ചുള്ള വാക്സിൻ കവറേജും അനുബന്ധമായി ചേർക്കുന്നു.*

(ബി) അർഹരായ പലർക്കും വാക്സിൻക്ഷാമംമൂലവും കോവിൻ സൈറ്റിലെ തിരക്കുമൂലവും വാക്സിൻ ലഭ്യമാകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly